## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3406

09.4.2013- ൽ മറുപടിക്ക്

## കയർ ഉൽപന്നങ്ങളുടെ വിപണി വിപുലീകരിക്കുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>,, ആർ. സെൽവരാജ്<br>,, എ. റ്റി. ജോർജ്ജ്<br>,, ലൂഡി ലൂയിസ് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)സംസ്ഥാനത്തെ കയർ ഉൽപ്പന്നങ്ങളുടെ വിപണി വിപുലീകരിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) കയർ ഉൽപ്പന്നങ്ങളുടെ വിപണി വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് തിരുവനന്തുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലെ സർവ്വീസ് സഹകരണ ബാങ്ക് /സൊസൈറ്റികൾ വഴി ഉൽപ്പന്നങ്ങൾ വിറ്റഴിച്ചു വരുന്നു. സംസ്ഥാനത്തിനകത്ത് വിപണന സാദ്ധ്യതയുള്ള മേഖലകളിൽ ഫ്രാഞ്ചൈസികൾ / ഷോറൂമുകൾ നടത്തുന്നു. ഏജൻസി ഷോറൂമുകളും ക്യാൻവാസിംഗ് ഏജന്റ് മുഖേനയും കയർ ഉൽപ്പന്നങ്ങളുടെ വിപണി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ വർദ്ധിപ്പിച്ചിട്ടുണ്ട്. വിപണി വിപുലീകരിക്കുന്നതിന്റെ ഭാഗമായി കയർഫെഡ് റൂറൽ ബിസിനസ് ഹബ് എന്ന പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു. കയർ ജിയോ ടെക്സ്റ്റൈൽസിന്റെ വിപണനം ശക്തമാക്കാനും പ്രസ്തുത സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല ആർക്കിടെക്ചറിലും സിവിൽ എൻജിനീയറിംഗിലും ഉപയോഗപ്രദമാകുന്ന കയർ ഉൽപ്പന്ന വികസനത്തിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കരകൗശല ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനവും നൽകുന്നുണ്ട്. |

| | |
|---|---|
| (ബി)പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കയർ മേഖലയിലെ തൊഴിലാളികൾക്കും ചെറുകിട ഉൽപ്പാദകർക്കും കൂടുതൽ തൊഴിലും ന്യായമായ കൂലിയും ഉറപ്പാക്കാനും കയർ ഉൽപ്പന്നങ്ങളുടെ വിപുലമായ ശൃംഖല സൃഷ്ടിച്ച് ആഭ്യന്തരവും വിദേശ വിപണിയും വർദ്ധിപ്പിക്കുക എന്നതുമാണ് ഇത്തരം പദ്ധതികളിലൂടെ പ്രധാനമായും ഉദ്ദേശിക്കുന്നത്. |
| (സി)ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) സർക്കാർ സ്ഥാപനങ്ങൾ, മറ്റു സംസ്ഥാനേതര ഏജൻസികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കയർ മേഖലയിലെ സ്ഥാപനങ്ങൾ എന്നീ ഏജൻസികൾ ഇത്തരം പദ്ധതികളുമായി സഹകരിക്കുന്നുണ്ട്. |
| (ഡി)ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) പഞ്ചായത്തുകളുമായി എല്ലാം ബന്ധപ്പെട്ട് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നു. മറ്റു പൊതുമേഖലകൾ, ഗവൺമെന്റിനു കീഴിലുള്ള ആശുപത്രികൾ, ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകൾ എന്നിവ വഴിയെല്ലാം കയർ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നു. കൂടാതെ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി കയർഫെഡ് 50 പുതിയ ഏജൻസി ഷോറൂമുകളും തുറന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ